**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1513** **08-12-2022 - ൽ മറുപടിയ്ക്ക്**

**പാർട്ട് ടൈം ഭാഷാ അധ്യാപകർ - സ്റ്റാഫ് ഫിക്സേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | യു.പി. സ്കൂളുകളിൽ പാർട്ട് ടൈം അധ്യാപകരായി സർവീസിൽ പ്രവേശിക്കുന്ന ഭാഷാ അദ്ധ്യാപകർ (സംസ്കൃതം, ഉറുദു) അഞ്ച് വർഷം സർവീസ് പൂർത്തീകരിച്ച് ഫുൾ ടൈം അധ്യാപകരായി ബെനിഫിറ്റുകൾ കിട്ടിയ ശേഷവും, ഓരോ വർഷവും നടക്കുന്ന സ്റ്റാഫ് ഫിക്സേഷനിൽ പ്രസ്തുത അധ്യാപകരുടെ തസ്തികകൾ താൽക്കാലികമായി തുടരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (എ) | താത്ക്കാലിക തസ്തിക അനുവദിക്കുന്ന രീതി നിലവിലില്ല. നിലവിൽ എല്ലാ തസ്തികകളും സ്റ്റാഫ് ഫിക്സേഷൻ ഉത്തരവുകൾക്ക് വിധേയമായി സ്ഥിര തസ്തികകളായാണ് അനുവദിക്കുന്നത്.<br><br>പാർട്ട് ടൈം അദ്ധ്യാപകരായി സേവനത്തിൽ പ്രവേശിക്കുന്ന പ്രൈമറി, ഹൈസ്കൂൾ ഭാഷാ അദ്ധ്യാപകർക്ക് (ഉർദു, സംസ്കൃതം) അവർ സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷം പൂർത്തിയാകുകയും, ആഴ്ചയിൽ എട്ട് പീരീയഡുകൾ പഠിപ്പിക്കാൻ ഉണ്ടാകുകയും ചെയ്താൽ, ഫുൾടൈം തസ്തികയുടെ ആനുകൂല്യം അനുവദിച്ച് നൽകുന്നുണ്ട്. 02-05-1973-ലെ സ.ഉ.(കൈ)നം.62/1973/ എസ്.ഇ.ഡി.എൻ എന്ന ഉത്തരവ് പ്രകാരമാണ് പ്രസ്തുത ആനുകൂല്യം അനുവദിച്ച് വരുന്നത്. പാർട്ട്ടൈം തസ്തികയിൽ തുടർന്ന് വരുന്ന അദ്ധ്യാപകർക്ക്, മേൽ നിബന്ധന പൂർത്തീകരിച്ചാൽ ഫുൾടൈം തസ്തികയുടെ ആനുകൂല്യം മാത്രമാണ് അനുവദിക്കുന്നത്. ഇത്തരത്തിൽ തുടരുന്ന അദ്ധ്യാപകരെ പാർട്ട്ടൈം തസ്തികയിൽ നിലനിർത്തി, ഫുൾടൈം ആനുകൂല്യം മാത്രമാണ് അനുവദിക്കുന്നത്. തസ്തിക പാർട്ട് ടൈം തസ്തികയായി തന്നെ തുടരുകയാണ് ചെയ്യുന്നത്. |
| (ബി) | സ്റ്റാഫ് ഫിക്സേഷൻ നടത്തുമ്പോൾ പ്രസ്തുത ഭാഷാ അധ്യാപകരുടെ തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | താത്ക്കാലിക തസ്തിക അനുവദിക്കുന്ന രീതി നിലവിലില്ല. നിലവിൽ എല്ലാ തസ്തികകളും സ്റ്റാഫ് ഫിക്സേഷൻ ഉത്തരവുകൾക്ക് വിധേയമായി സ്ഥിര തസ്തികകളായാണ് അനുവദിക്കുന്നത്.<br><br>പാർട്ട് ടൈം അദ്ധ്യാപകരായി സേവനത്തിൽ പ്രവേശിക്കുന്ന പ്രൈമറി, ഹൈസ്കൂൾ ഭാഷാ അദ്ധ്യാപകർക്ക് (ഉർദു, സംസ്കൃതം) അവർ സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷം പൂർത്തിയാകുകയും, ആഴ്ചയിൽ എട്ട് പീരീയഡുകൾ |

| | | | |
|---|---|---|---|
| | | | പഠിപ്പിക്കാൻ ഉണ്ടാകുകയും ചെയ്താൽ, ഫുൾടൈം തസ്തികയുടെ ആനുകൂല്യം അനുവദിച്ച് നൽകുന്നുണ്ട്. 02-05-1973-ലെ സ.ഉ.(കൈ)നം.62/1973/ എസ്.ഇ.ഡി.എൻ എന്ന ഉത്തരവ് പ്രകാരമാണ് പ്രസ്തുത ആനുകൂല്യം അനുവദിച്ച് വരുന്നത്. പാർട്ട്ടൈം തസ്തികയിൽ തുടർന്ന് വരുന്ന അദ്ധ്യാപകർക്ക്, മേൽ നിബന്ധന പൂർത്തീകരിച്ചാൽ ഫുൾടൈം തസ്തികയുടെ ആനുകൂല്യം മാത്രമാണ് അനുവദിക്കുന്നത്. ഇത്തരത്തിൽ തുടരുന്ന അദ്ധ്യാപകരെ പാർട്ട്ടൈം തസ്തികയിൽ നിലനിർത്തി, ഫുൾടൈം ആനുകൂല്യം മാത്രമാണ് അനുവദിക്കുന്നത്. തസ്തിക പാർട്ട് ടൈം തസ്തികയായി തന്നെ തുടരുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ